DESPATCHED
On... 08/06/2020

30/04/2020



സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.400(6)/2018/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.1412/SIC-Gen5/2018**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. ടി.കെ. വിനോദ്കുമാർ,
'വിനോദാലയം',
നല്ലൂർ, ഫറോക്ക് പി.ഒ.,
കോഴിക്കോട് - 673 631.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് എഞ്ചിനീയർ,
മുനിസിപ്പൽ എഞ്ചിനീയറുടെ കാര്യാലയം,
ഫറോക്ക് നഗരസഭ, ഫറോക്ക് പി.ഒ.,
കോഴിക്കോട് - 673 631.

2. അപ്പീൽ അധികാരി & സെക്രട്ടറി,
ഫറോക്ക് നഗരസഭ,
ഫറോക്ക് പി.ഒ., കോഴിക്കോട് - 673 631.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 06/12/2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 26/12/2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 08/01/2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 02/02/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 07/02/2018 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 12/02/2018 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 09/03/2018 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 20/04/2018 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 30/1/2020, 19/03/2020 - വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോഴിക്കോട്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായി - 19/3/2020 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ടി.കെ.വിനോദ്കുമാർ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഫറോക്ക് മുനിസിപ്പാലിറ്റിയിൽ 2014-15 കാലഘട്ടത്തിൽ കെട്ടിടത്തിന് നിർമ്മാണാനുമതി നൽകിയതുമായി ബന്ധപ്പെട്ട് ചില രേഖകളുടെ പകർപ്പുകൾ ടിയാൻ ആവശ്യപ്പെട്ടുവെങ്കിലും മുടന്തൻ ന്യായങ്ങൾ പറഞ്ഞ് അവ

നൽകാതിരിക്കുകയാണ് ഉണ്ടായതെന്നും ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു എന്നും ആയതുപ്രകാരം അറിയിച്ചത്, രേഖകൾ തെരഞ്ഞു കണ്ടെത്തേണ്ടതുണ്ടെന്നും ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണെന്നായിരുന്നു എന്നും ടിയാൻ ആവശ്യപ്പെട്ട രേഖകൾ മന:പൂർവ്വം എതിർകക്ഷികൾ നൽകാതിരിക്കുകയാണെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. ഫറോക്ക് മുനിസിപ്പാലിറ്റിയിൽ ഫറോക്ക് എസ്.ബി.ഐ.ക്ക് സമീപം പുതിയ നിർമ്മാണത്തിനു വേണ്ടിയോ, നിലവിലുള്ള കെട്ടിടത്തോട് അനുബന്ധിച്ച് പുതിയ നിർമ്മാണമോ കൂട്ടിച്ചേർക്കലോ നടത്തുന്നതിന് പെർമിറ്റ്, പ്ലാൻ എന്നിവ അനുവദിക്കുന്നതിനുവേണ്ടി അപേക്ഷിക്കുമ്പോൾ അപേക്ഷയോടൊപ്പം ഏതൊക്കെ രേഖകൾ ഹാജരാക്കണമെന്നും

ii. ഫറോക്ക് എസ്.ബി.ഐ.ക്ക് സമീപം പച്ചക്കറി പീടികയ്ക്ക് മുകളിൽ കെ.സി.ശ്രീനാഥ് എന്നയാൾക്ക് എ4-10711/14-15 നമ്പറായി 7.7.2015 തീയതി നിർമ്മാണത്തിന് അനുമതി നൽകുകയും 4/144 എന്ന നമ്പർ പ്രസ്തുത ഹാളിന് അനുവദിക്കുകയും ചെയ്തതായി അറിയുന്നു എന്നും ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് പെർമിറ്റും പ്ലാനും അനുവദിക്കുന്നതിനു വേണ്ടി ശ്രീനാഥ് മുനിസിപ്പാലിറ്റി മുമ്പാകെ ഹാജരാക്കിയ എല്ലാ രേഖകളുടെയും പകർപ്പും അപേക്ഷയുടെ പകർപ്പും നൽകണമെന്നാണ്.

മേൽപ്പടി അപേകഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ 1-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, നിർമ്മാണ പ്രവൃത്തി നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലപരിശോധന നടത്തിയാൽ മാത്രമേ മേൽപ്പടി ഇനത്തിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകാൻ കഴിയൂ എന്നും 2-ാം ഇനം സംബന്ധിച്ച് അറിയിച്ചത്, ശ്രീ.കെ.സി.ശ്രീനാഥ് കെട്ടിട നിർമ്മാണ അനുമതിക്ക് ഹാജരാക്കിയ രേഖകൾ തെരഞ്ഞു കണ്ടെത്തേണ്ടതുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് അനുവദിച്ചു നൽകുന്നതാണെന്നുമാണ്.

3. രണ്ടാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട രേഖകൾ എന്നു നൽകുമെന്നു ഒന്നാം എതിർകക്ഷി അറിയിച്ചില്ല എന്നും മറ്റുമാണ്. മേൽപ്പടി അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 1-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതാണെന്നും 2-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരങ്ങൾ തെരഞ്ഞു കണ്ടെത്തുന്ന പ്രകാരം സൗജന്യമായി അയച്ചു നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നുമാണ്.

4. രണ്ടാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട വിവരം നൽകുന്നതിലേക്കായി ബന്ധപ്പെട്ട ഫയൽ കണ്ടെത്തുന്നതിന് എതിർകക്ഷി ഓഫീസിലെ ഓഫീസ് അസിസ്റ്റന്റ്മാർക്ക് നിർദ്ദേശം നൽകിയിരുന്നു എന്നും ആയത് ലഭിക്കാത്തതിനാൽ മേൽപ്പടി കെട്ടിടത്തിന്റെ ഉടമയായ ശ്രീ. കെ.സി. ശ്രീനാഥിനോട് ആവശ്യപ്പെട്ട പ്രകാരം മേൽപ്പടി രേഖകൾ ടിയാൻ ഹാജരാക്കി എന്നും ആയത്

ഹർജിക്കാരന് 2.2.2018 തീയതി സൗജന്യമായി അയച്ചു നൽകിയിട്ടുണ്ടെന്നും പിന്നീട് ബന്ധപ്പെട്ട ഫയൽ കണ്ടെത്തുകയുണ്ടായി എന്നും മറ്റുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിലെ 2-ാം ഇനത്തിൽ ആവശ്യപ്പെട്ട രേഖകൾ കെട്ടിട ഉടമയിൽ നിന്നും ലഭ്യമാക്കി ഹർജിക്കാരന് സൗജന്യമായി നൽകിയിട്ടുള്ളതാണെന്നു കാണുന്നു. തുടർന്ന് നടത്തിയ തെരച്ചിൽ എതിർകക്ഷി ഓഫീസിൽ ബന്ധപ്പെട്ട ഫയൽ കണ്ടെത്തിയിട്ടുള്ളതായും രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ നിന്നും കാണുന്നു. ഹർജിക്കാരന് ലഭ്യമാക്കിയിട്ടുള്ള രേഖകൾ ടിയാൻ ആവശ്യപ്പെട്ട രേഖകൾ തന്നെയാണെന്ന് ബോധ്യമാകുന്നതിലേക്കായി ഹർജിക്കാരൻ താത്പര്യപ്പെടുകയാണെങ്കിൽ ബന്ധപ്പെട്ട ഫയൽ സൗജന്യമായി പരിശോധിക്കുവാനുള്ള അവസരം ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ യഥാസമയം നൽകാൻ സാധിക്കാത്തത് ഫയലുകൾ ഫറോക്ക് ഓഫീസിൽ ക്രമപ്രകാരം സൂക്ഷിക്കാത്തതിനാലാണെന്ന് കാണുന്നു. മേൽപ്പടി പൊതു അധികാര സ്ഥാപനം സൂക്ഷിക്കുന്ന ഫയലുകൾ ആയത് എളുപ്പത്തിൽ കണ്ടെത്താവുന്ന രീതിയിൽ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കമ്മീഷൻ രണ്ടാം എതിർകക്ഷിയോട് നിർദ്ദേശിക്കുന്നു.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഏപ്രിൽ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us